# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 7 Reg NO.TNBIL/2016/70171 ISSUE - 12

DECEMBER - 2023 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333



കർത്താവിൽ പ്രിയരെ,

വർഷത്തിന്റെ അവസാനമാസത്തിൽ നാം കടന്നുവന്നിരിക്കുന്നു. കഴിഞ്ഞ വർഷം മുഴുവൻ നമ്മെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച ദൈവപുത്രനെ നമുക്കു സ്തുതിക്കാം.

കഴിഞ്ഞവർഷം മുഴുവനും വായനക്കാർ എനിക്കയച്ച കുറവില്ലാത്ത കാണികളും നിങ്ങൾ എന്റെ വേലക്കുവേണ്ടി ചെയ്ത പ്രാർത്ഥനകളും നിങ്ങൾ ഇത്ര വർഷങ്ങൾ എന്റെമേൽ വച്ച മാറാത്ത സ്നേഹത്തിനുമായി ഈ ഡിസംബർമാസം നന്ദിപറയുന്നു.

വരുന്ന 2024 ൽ പുതിയവർഷത്തിന്റെ അനുഗ്രഹത്തിനായി നിങ്ങൾ എല്ലാവർക്കുവേണ്ടിയും ഞാൻ തുടർന്നു പ്രാർത്ഥിക്കും നിങ്ങളും ഒരു ആത്മീകതീരുമാനമെടുത്ത് പുതിയ വിശ്വാസികളായി വർഷത്തിൽ പ്രേവേശിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. പഴയതു കഴിഞ്ഞുപോയി ഇതാ സകലതും പുതുതായി തീർന്നിരിക്കുന്നു എന്നുള്ള വചനപ്രകാരം നിങ്ങളുടെ ഭവനത്തിനും നിങ്ങൾക്കും പുതിയ അനുഗ്രഹങ്ങൾ ലഭിക്കുമാറാകട്ടെ.


തുടർന്ന് നിങ്ങൾ എല്ലാവർക്കും വേണ്ടിയും ഞാൻ പ്രാർത്ഥിക്കും.

ഡോ. പുഷ്പരാജ്

# DECEMBER - 2023

ലോകപ്രസിദ്ധ പ്രസംഗിയും വേദപണ്ഡിതനും വേദ അദ്ധ്യാപകനുമായ റവ: ഡോ. തിയോഡർ വില്യംസ് അവർകളുടെ ത്രിത്വത്തെക്കുറിച്ചുള്ള വിശദീകരണം വായിച്ചു മനസ്സിലാക്കുവിൻ.

# ത്രിത്വം പഴയ നിയമത്തിലെ വെളിപ്പാട്



ദൈവത്വത്തിൽ അടങ്ങിയിട്ടുള്ള നാനാത്വത്തിൽ ഏകത്വത്തെക്കുറിച്ചുള്ള തെളിവുകൾ പഴയ നിയമത്തിൽ അനേകം ഉണ്ട്. വേദപുസ്തകത്തെ അശ്രദ്ധമായി വായിക്കുന്ന ഏവർക്കും ത്രിത്വം പ്രത്യേകമായ മുഖ്യകാര്യമായി അറിയാൻ സാധിക്കാതിരിക്കാം. കർത്താവിന്റെ വചനത്തിന്റെ ആഴം അറിയണമെന്ന ഉദ്ദേശ്യത്തോടെ വായിക്കുമ്പോൾ ഈ ഭാഗങ്ങൾ യാദൃശ്ചികമായോ അല്ലെങ്കിൽ ഉദ്ദേശമില്ലാതെയോ എഴുതപ്പെട്ടതല്ലെന്ന് അറിയാൻ കഴിയും. ത്രിത്വത്തെപ്പറ്റിയുള്ള വേദഭാഗങ്ങളിൽ പഴയനിയമത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ത്രിത്വത്തിനും പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ത്രിത്വത്തിനും ഇടയിൽ അഴകായയോജിപ്പും ബന്ധവും കാണുന്നു.

പഴയനിയമം കർത്താവിനാൽ വെളിപ്പെടുത്തിയ വചനമാണ്. 2 പത്രൊസ് 1:20,21 വചനം അനുസരിച്ചു അതു എഴുതിയവർ “പരിശുദ്ധാത്മ നിയോഗം പ്രാപിച്ചു'' എഴുതിയതാണ് എന്നു പഠിപ്പിക്കുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും ത്രിത്വത്തിന്റെ നയം അടുക്കും ചിട്ടയുമായി പ്രസ്താവിച്ചിട്ടില്ല. ആരംഭസഭ ഉപദേശവടിവിൽ കോർത്തിണക്കിക്കൊടുത്തു. എങ്ങനെ മറ്റനേക ഉപദേശങ്ങളായ പരിശുദ്ധാത്മാവ്, മരണത്തിനു ശേഷമുള്ള ജീവിതം മുതലായ വിത്തുകളെ പഴയനിയമത്തിൽ കാണുന്നുവോ അതുപോലെ ഈ ഉപദേശത്തെപ്പറ്റിയുള്ള

വിത്തും പഴയനിയമത്തിൽ കണ്ടാലും ഇതിന്റെ പടിപടിയായ മുന്നേറ്റ വെളിപ്പാട് പുതിയ നിയമത്തിൽ കാണാം. എന്തെന്നാൽ വേദപുസ്തകത്തിൽ മുഴുവനും ദൈവത്തിന്റെ വെളിപ്പാടുകൾ മുന്നേറിക്കൊണ്ടിരിക്കുന്നു. ഇവിടെ പഴയനിയമത്തിൽ ത്രിത്വത്തെക്കുറിച്ചുള്ള തെളിവുകളെ അഞ്ച് മുഖ്യ ശീർഷകത്തിൻ കീഴ് ആരാഞ്ഞു നോക്കാം. ''ദൈവത്തെ ഉപയോഗപ്പെടുത്തപ്പെട്ട പേരുകൾ: ഏകവചനം, ബഹുവചനം, സർവ്വനാമം (PERSONAL, PLURAL, PRONOUNS), കർത്താവിന്റെ ദുതൻ, യഹോവയെക്കുറിക്കുന്ന ഇരട്ടപ്പേരുകൾ, മശിഹായെ കുറിക്കുന്ന ഭാഗങ്ങൾ.

## 1. ദൈവത്തിന് ഉപയോഗപ്പെടുത്തപെട്ടിട്ടുള്ള പേരുകൾ:

വേദപുസ്തകത്തിൽ ഉല്പത്തി 1 ന്റെ 1– ലെ ആദ്യവാക്യമാണ് ദൈവത്വത്തിന്റെ ബഹുത്വത്തെ (PLURAL)എന്നത് എടുത്തു കാണിക്കുന്നത്.

“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു”. ഈ വാക്യത്തിൽ ദൈവത്തിന് ഉപയോഗിച്ചിട്ടുള്ള എബ്രായ പദം “ഏലോഹീം” (ELOHIM) എന്നാകുന്നു. ഇത് ബഹുവചനമാണ്. എവിടെയെല്ലാം “ഏലോഹിം” എന്ന പദം ദൈവത്തിന് ഉപയോഗിക്കുന്നുണ്ടോ അവിടെയെല്ലാം ബഹുത്വത്തെ ആസ്പദമാക്കുവാനായി ആ പദം ഉപയോഗിച്ചിരിക്കുന്നു. (ഉദാഹരണമായി പുറപ്പാടു 20:3 ലും) ആവർത്തനം 13:2 ലും എന്നാൽ ഉല്പത്തി 1 : 1 വായിക്കുമ്പോൾ “ഏലോഹിം” (ദൈവം) എന്ന പദം ബഹുത്വമായിരിക്കുന്നതും ‘സൃഷ്ടിച്ചു’ എന്ന ക്രിയ ഏകവചനത്തിൽ വരുന്നതു ശ്രദ്ധിക്കുക. ദൈവത്തെക്കുറിച്ച് ബഹുവചനമായി പറയുമ്പോൾ അവിടുത്തെ പ്രവർത്തിയായ ക്രിയ പ്രയോഗം ഏകത്വത്തെകുറിക്കുന്നതു ഈ ഒരു സന്ദർഭത്തിൽ മാത്രം അല്ല. ഇതുബഹുത്വ ഏകത്വത്തിന്റെ പ്രത്യേകതയെ സൂചിപ്പിക്കുന്ന യോജിപ്പാണ്. ഈ യോജിപ്പ് ദൈവത്തിന്റെ ഏകത്വത്തെയും അവിടുത്തെ ത്രിത്വസ്വഭാവത്തെയും വെളിവാക്കുന്നു. ത്രിയേകദൈവം മൂന്നു ദൈവങ്ങൾ അല്ല. ഒരു ദൈവം മാത്രം, ത്രിഏകം, ഒരുവനിൽ മൂവ്വർ എന്നതാണ് ദൈവത്തെക്കുറിച്ചു നാം അറിഞ്ഞിരിക്കേണ്ട സത്യം. “ഏലോഹീം” എന്ന പദം വ്യക്തികളുടെ ബഹുവചനമല്ല. സ്വഭാവങ്ങളുടെ ബഹുത്വത്തെ സൂചിപ്പിക്കുന്നു

എന്നു പറയുന്നത് അർത്ഥമില്ലാത്ത സംസാരമാണ്. എന്തെന്നാൽ വേദപുസ്തകത്തിൽ ദൈവം ഏതോ ചില സ്വഭാവങ്ങളുടെ കൂടിച്ചേരൽ അല്ല. ദൈവം ഒരു വ്യക്തിയാണ്.

ത്രിത്വ നയത്തെ എതിർക്കുന്നവരും യഹൂദമതക്കാരും ആവർത്തനം 6:4 തങ്ങൾക്കു ആധാരമാക്കിക്കൊള്ളുന്നു. ഈ വചനം ദൈവത്തിന്റെ ത്രിയേകത്വത്തിനു ഒരു ശക്തമായ തെളിവാണ് എന്നതു അവർ അറിയാത്തവരായിരിക്കുന്നു.

“ഇസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ” (ആവ. 6:4).

ഈ വാക്യത്തിൽ ദൈവത്തിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്ക് ‘ഏലോഹെനു’ (Elohenu) എന്നാകുന്നു. ഈ പദം ‘എലോആ’ (Eloah) എന്ന വാകത്തിന്റെ ബഹുവചനമാണ്. അതായതു ‘നമ്മുടെ ദൈവങ്ങൾ’ എന്നതിനെക്കുറിക്കുന്ന പദമാണ്. ഏകൻ തന്നെ എന്ന പദത്തിന് ‘എക്കെട്’ (Echad) എന്ന ഏബ്രായ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഇത് ബഹുവചനത്തിൽ വ്യക്തിപരമായ പദം എന്നതിനു പുറമേ ഇതു ഗണനരീതിയനുസരിച്ച് ഒന്നിൽ ഏകത്വത്തെ കാണിക്കുന്ന പദമല്ല. താഴെ കാണിക്കുന്ന വാക്യത്തിൽ ‘എക്കെട്’ എന്ന വാക്കു കാണാം.

“സന്ധ്യയായി ഉഷസ്സുമായി ഒന്നാം (എക്കെട്) ദിവസം” (ഉൽപത്തി 1:5) ഈ വാക്യം രണ്ടിന്റെ ഏകത്വത്തെ വ്യക്തമാക്കുന്നതാണ്. അവർ ഏക (എക്കെട്) ദേഹമായിത്തീരും” (ഉല്പ. 2:24).

ഇവിടെയും രണ്ടിന്റെ ഏകത്വത്തെ കാണുന്നു. ‘എക്കെട്’ എന്ന ഈ എബ്രായ വാക്ക് ഉല്പത്തി 11:6 ൽ ‘ജനം ഒന്ന്’ എന്നും, സംഖ്യ 13:23–ൽ ‘ഒരു’ മുന്തിരിക്കുല എന്നും, രാജാക്കന്മാർ 11:13 ൽ ഒരു ഗോത്രം എന്നും, 1 ദിനവൃത്താന്തം 17:21 ൽ ഒരു ജാതി എന്നും ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഈ ഉദാഹരണങ്ങൾ എല്ലാം (കൂട്ടാൻ) ബഹുവചനത്തിൽ ഏകത്വത്തെ എടുത്തു കാണിക്കുന്നു. ഇനിയും സഖറിയ 14:9–ാം വാക്യം നോക്കാം.

യഹോവ സർവ്വ ഭൂമിക്കും രാജാവാകും.

അന്നാളിൽ യഹോവ ഏകനും (എക്കട്) അവന്റെ നാമം ഏകവും ആയിരിക്കും.

ഒന്നിൽ ഏകത്വത്തെ സൂചിപ്പിക്കാൻ 'യാക്കിട്' (Yachid) മറ്റൊരു എബ്രായ വാക്കും ഉണ്ട്. എന്നാൽ ഈ പദം ഈ വചനത്തിൽ ഉപയോഗിക്കുന്നില്ല. എന്തെന്നാൽ ദൈവം ഗണിതരീതിയിൽ ഉള്ള ഒന്നിൽ ഏകത്വമായിരിക്കുന്നവനല്ല. അവനെ ത്രിയേകൻ എന്നുള്ളതു സൂചിപ്പിക്കാനാകാന്നു പരിശുദ്ധാത്മാവ് 'എക്കെട്' എന്ന പദത്തെ പ്രയോജനപ്പെടുത്തിയിട്ടുള്ളത്.

## 2. ഏകത്വം, ബഹുത്വം, സർവ്വനാമം:

പഴയനിയമത്തിൽ ദൈവം തന്നെക്കുറിച്ച് പറയുമ്പോൾ, ഏകത്വം, ബഹുത്വം, സർവ്വനാമം എന്നവിധം 'നാം' 'നമുക്കു' എന്ന പദങ്ങളെ ഉപയോഗിക്കുന്നതായി പല ഭാഗങ്ങളിൽ കാണാം. ഇപ്രകാരമുള്ള വാക്യങ്ങളിൽ ചിലതു ഇവിടെ പരിശോധിക്കാം.

അനന്തരം : നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക (ഉല്പ. 1:26).

ദൈവം, തന്നെപ്പറ്റി പറയുമ്പോൾ പറയുമ്പോൾ ബഹുവചനമായ 'നമുക്ക്' എന്ന പദം രണ്ട് പ്രാവശ്യം ഉപയോഗിക്കുന്നു. എന്നാൽ 'സാദൃശ്യം' എന്നവാക്ക് ഏകമായി ഉപയോഗിക്കുന്നു. ഇതിനുള്ള വിശദീകരണം ധാരാളം വേദവചനങ്ങളോടു താതമ്യപ്പെടുത്തി നോക്കുമ്പോൾ ത്രിത്വത്തിന്റെ സത്യം വ്യക്തമാകും. ത്രിത്വത്തെ എതിർക്കുന്നവർ "നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്കുക" എന്നു ദൈവം പറഞ്ഞത്. അവൻ ദൈവദൂതന്മാരോടു സംസാരിച്ചതാണെന്ന് തെറ്റായി വ്യാഖ്യാനിച്ചു പറയുന്നു. ഈ വ്യാഖ്യാനം ശരിയായ അർത്ഥം നൽകുന്നില്ല. എന്തെന്നാൽ, 'നമുക്കു' എന്ന പദം പറയുന്നവനും കേൾക്കുന്നവർക്കുമിടയിൽ ഉള്ള സമ അന്തസ്സ് വ്യക്തിത്വത്തെക്കുറിക്കുന്നു. ദൈവദൂതന്മാർ ഇപ്രകാരമുള്ള സ്ഥാനത്തിന് അർഹതയുള്ളവരല്ല. എന്തെന്നാൽ അവർ സ്രഷ്ടാവായ ദൈവത്താൽ

സൃഷ്ടിക്കപ്പെട്ടവർ മാത്രമാണ്. ദൈവത്തിൽ നിന്നു വേർപ്പെട്ടുനില്ക്കു ന്നവരുമാണ്. ആകയാൽ അവരോടു സമമായി കരുതി ആലോചിക്കേണ്ട ആവശ്യമില്ല. ദൈവദൂതന്മാർ തങ്ങൾ തന്നെ ദൈവത്തിന്റെ സൃഷ്ടികളായിരിക്കുന്നതുകൊണ്ടും മനുഷ്യൻ മാത്രം ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടാകപ്പെട്ടതിനാലും മനുഷ്യനെ സൃഷ്ടിക്കുന്നകാര്യത്തിൽ അവർ പങ്കാളികളാകാൻ സാധ്യമല്ല. കൂടാതെ മനുഷ്യനെ ദൈവദൂതന്മാരുടെ സാദൃശ്യത്തിൽ ഉണ്ടാക്കപ്പെട്ടു എന്ന് നിരുവചനത്തിൽ ഒരു സ്ഥലത്തും പറഞ്ഞിട്ടുമില്ല. ആകയാൽ ഏകത്വം, ബഹുത്വം, സർവ്വനാമ നിലവെവ്വേറെ ദൈവ വചനത്തോടു യോജിപ്പിച്ചു നോക്കുമ്പോൾ ദൈവത്വത്തിലുള്ള മൂന്നു ആളത്വങ്ങൾക്കുമിടയിൽ ഉള്ള ഐക്യത്തെയും ബന്ധത്തെയും കാണാൻ സാധിക്കുന്നു. ഈ ദൈവീക ബഹുത്വത്തെ മറ്റു ഭാഗങ്ങളിലും കാണാം.

യഹോവയായ ദൈവം: മനുഷ്യൻ നന്മ തിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു (ഉല്പ. 3:22).

അപ്പോൾ യഹോവ: നാം ഇറങ്ങിച്ചെന്നു അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളി ചെയ്തു (ഉല്പ. 11:6, 7).

ഇവിടെയും കർത്താവ് ദൈവദൂതന്മാരോടു സംസാരിച്ചു എന്നു പറയുന്നതു ബന്ധമില്ലാത്ത കാര്യമായിത്തീരും. ദൈവം എന്തു കല്പിക്കുന്നുവോ അതുമാത്രം ദൈവദൂതന്മാർ ചെയ്യുന്നു. ഇവർ ദൈവത്തിന്റെ ശുശ്രൂഷക്കാരല്ലാതെ ദൈവത്തോടു കൂടിയാലോചി ക്കത്തക്കവണ്ണം ദൈവത്തിന് സമമായവരോ പങ്കാളികളോ അല്ല. ഐക്യത്തിനും ബഹുത്വനിലയ്ക്കും ഉദാഹരണമായി മറ്റൊരു വചനം യെശ.6:8 ൽ നിന്നു ഉദ്ധരിക്കുന്നു. ‘അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും’ ഇവിടെയും ‘നമുക്കു’ എന്ന ബഹുവചന പ്രയോഗം ദൈവദൂതന്മാരെ ആസ്പദമാക്കുന്നില്ല.

ഏകത്വ ബഹുത്വ സർവ്വനാമ നില കർത്താവിന്റെ ദൈവികത്വത്തിന്റെ മഹത്വത്തേയും മഹിമയേയും കുറിക്കുന്നതല്ലാതെ വ്യക്തികളുടെ ബഹുത്വ

ഏകത്വത്തെ സൂചിപ്പിക്കുന്നില്ല എന്നും ചിലർ പറയുന്നു. അവരുടെ വാദത്തിന് താഴെ പറയുന്ന മൂന്നു യാഥാർത്ഥ്യങ്ങളാൽ മറുപടി നൽകാം.

ഒന്നാമത് ഈ മഹത്വത്തിന്റെ ബഹുത്വ ഉപയോഗം വേദപുസ്തകത്തിൽ വേറെ ഒരു സ്ഥലത്തുംകാണുന്നില്ല. ഉപയോഗപ്പെടുത്താൻ തക്ക സന്ദർഭത്തിലും ഈ വാക്കു സൂചിപ്പിക്കുന്നില്ല. മൂന്നു വേദഭാഗങ്ങളിൽ മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. അവിടെയും ദൈവത്തിൽ ഉള്ള ബഹുത്വം പ്രകാശിപ്പിക്കാൻ വേണ്ടിയാണ് ഉപയോഗിക്കുന്നത്.

രണ്ടാമതായി വേദപുസ്തകത്തിനു വെളിയിലുള്ള സാഹിത്യത്തിന്റെ ക്രിയാ വാക്കുകളിൽ മാത്രം അത്തരം ഗംഭീരമായ ബഹുത്വപദങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതല്ലാതെ നാമത്തെ സൂചിപ്പിക്കുന്നവാക്കോ അല്ലെങ്കിൽ വേറെ പേരുകളിലോ ഉപയോഗപ്പെടുത്തി അതിനെ തുടർന്നുവരുന്ന ക്രിയയാൽ പരാമർശത്തിൽ വരാതിരിക്കയില്ല.

മൂന്നാമത് യെശയ്യാവ് : 6:8ൽ "ആരെ 'ഞാൻ' (ഏകത്വം) അയക്കും, ആർ 'നമുക്കു' (ബഹുത്വം)വേണ്ടി പോകും?''. ഇതു മഹത്വത്തിന്റെ ബഹുവചനമായിരിക്കാൻ സാധിക്കയില്ല. എന്തെന്നാൽ, ദൈവം ഏകാത്വമായ സർവ്വനാമ നിലയേയും ബഹുത്വത്തിന്റെ സർവ്വനാമ നിലയെയും ഒരേ വാക്യത്തിൽ ഉപയോഗപ്പെടുത്തുന്നു.

### 3. കർത്താവിന്റെ ദൂതന്മാർ

പഴയനിയമത്തിൽ പല സന്ദർഭത്തിൽ പലതരം രീതികളിൽ യഹോവയുടെ ദൂതന്റെ ദർശനം നൽകിയിട്ടുണ്ട്.അതൊക്കെ ദൈവത്തിന്റെ സാക്ഷ്യം അല്ലെങ്കിൽ സ്വന്തം വെളിപ്പെടുത്തൽ എന്നു പറയാം. ഈ സന്ദർഭങ്ങളിലെല്ലാം കർത്താവിന്റെ ദൂതൻ കർത്താവിൽ നിന്നുവേർപെട്ടു കാണപ്പെടുന്നു.എന്നാലും അവിടുത്തോടുസമമായി തന്നെ അടയാളപ്പെടുത്തിക്കാണിക്കുന്നു. അതുപോലെ ദൈവത്തിൽ ഇരിക്കുന്ന ബഹുത്വത്തിന്റെ ഐക്യം ചൂണ്ടിക്കാണിക്കുന്നു. കർത്താവിന്റെ ദൂതൻ പഴയനിയമത്തിൽ ദൈവത്തിന്റെ പല ദാസന്മാർക്കും വെളിപ്പെട്ടവിധം പല വേദവാക്യങ്ങളിൽ പരിശോധിക്കാം.

അബ്രഹാം: യഹോവയുടെ ദൂതൻ രണ്ടാമതും ആകാശത്തുനിന്നു അബ്രാഹാമിനോടു വിളിച്ച് അരുളിച്ചെയ്തു... ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും നിന്റെ സന്തതിയെ.... അത്യന്തം വർധിപ്പിക്കും... എന്നു ഞാൻ എന്നെക്കൊണ്ടു തന്നെ സത്യം ചെയ്തിരിക്കുന്നു ഉല്പ. 22:15–18.

യാക്കോബ്: ദൈവത്തിന്റെ ദൂതൻ സ്വപ്നത്തിൽ.... ബേഥേലിന്റെ ദൈവം ആകുന്നു ഞാൻ ഉല്പ. 31:11–13.

മോശ: അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപ്പടർപ്പിന്റെ നടുവിൽ നിന്നു അഗ്നിജ്വാലയിൽ അവന്നു പ്രത്യക്ഷമായി നോക്കേണ്ടതിന് അവൻ വരുന്നതു യഹോവ കണ്ടപ്പോൾ ദൈവം മുൻപടർപ്പിന്റെ നടുവിൽ നിന്നു... വി ളിച്ചു... പുറപ്പാട് 3:2–4.

മനോഹ: മനോഹ ഒരു കോലാട്ടിൻകുട്ടിയെയും ഭോജനയാഗത്തെയും കൊണ്ടുവന്നു ഒരു പാറമേൽ യഹോവയ്ക്കു യാഗം കഴിച്ചു.... അഗ്നിജ്വാല യാഗപീഠത്തിൽ നിന്നും ആകാശത്തേക്കു പൊങ്ങിയപ്പോൾ യഹോവയുടെ ദൂതൻ യാഗപീഠത്തിന്റെ ജ്വാലയോടുകൂടെ കയറിപ്പോയി ന്യായാധി: 13:19, 20.

മുകളിൽ പ്രസ്താവിച്ച എല്ലാ സന്ദർഭങ്ങളിലും യഹോവയുടെ ദൂതനും യഹോവയും ഒരാൾ തന്നെ എന്നാണ് കാണുന്നത്. എന്നാലും അതേ സമയം അവർ ഒരുവനിൽ നിന്നു ഒരുവൻ വേർപെട്ട നിലയിലും കാണാവുന്നതാണ്. ഇതേക്കുറിച്ചു യെശയ്യാ 63:9 ൽ അവന്റെ (യഹോവയുടെ) സമ്മുഖദൂതൻ അവരെ രക്ഷിച്ചു. എന്നു പ്രസ്താവിച്ചിരിക്കുന്നു, യഹോവയുടെ ദൂതന് യഹോവയുടെ സമ്മുഖദൂതൻ എന്നു എഴുതപ്പെട്ടിരിക്കുന്നു. ആ വ്യക്തി യഹോവയുടെ സാദൃശ്യ പ്രതിനിധിയായിരുന്നാലും യഹോവയ്ക്കുവേണ്ടി ക്രിയ ചെയ്യുന്ന വ്യക്തിപരമായ ആളായും ഇരിക്കുന്നു. അവന്റെ സമ്മുഖദൂതൻ എന്ന പ്രത്യേക എഴുത്തുമൂലം അതു പരിഭാഷപ്പെടുത്തിയാൽ 'അവന്റെ മുഖത്തിന്റെ ദൂതൻ' എന്നു പറയാം. പഴയനിയമത്തിൽ 'മുഖം' എന്ന പദം അവിടുത്തെ മുഴുവൻ പ്രത്യേക സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. (ഉല്പ. 16:6 പുറ: 2:15, യെശ. 16:4). ആകയാൽ യഹോവയും യഹോവയുടെ

ദൂതനും എല്ലാകാര്യത്തിലും ഒരേമാതിരി ഉള്ളവരായാലും പ്രത്യേക വ്യക്തിത്വം ഉള്ളവരാണെന്ന് യെശ. 63: 9 ൽ നിന്നു വ്യക്തമാവുന്നു. യഹോവയുടെ ദൂതൻ യഹോവയുടെ വെറും രൂപം എന്നു പറയുന്നതു ശരിയല്ല. പക്ഷെ അവൻ ദൈവത്വത്തിലുള്ള ബഹുത്വത്തെ കാണിക്കുന്നു പ്രത്യേക വ്യക്തിത്വമുള്ള ആളായി കരുതപ്പെടുന്നു.

കർത്താവിന്റെ ദൂതൻ ദൈവത്വത്തിൽ ഒരു അംഗം എന്നതിനുള്ള പല തെളിവുകൾ നാം കണ്ടു കഴിഞ്ഞു. അതേ സമയം അവൻ ത്രിത്വത്തിലെ ഏതു വ്യക്തി എന്നതിനുള്ള അവന്റെ പ്രത്യേക അടയാളം വ്യക്തമാക്കുന്ന വേദഭാഗങ്ങൾ ഉണ്ടോ? അതേ! വളരെ പ്രാധാന്യമുള്ള പല വേദഭാഗങ്ങൾ ഉണ്ട്. അതിൽ നാലു ഭാഗങ്ങൾ ശ്രദ്ധിക്കുക.

1) പുറപ്പാട് 23:20,21 ഇവിടെ യഹോവ കല്പിക്കുന്നത് **"വഴിയിൽ നിന്നെ കാക്കേണ്ടതിനും ഞാൻ നിയമിച്ചിരിക്കുന്ന സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകേണ്ടതിനും ഞാൻ ഒരു ദൂതനെ നിന്റെ മുമ്പിൽ അയക്കുന്നു. നീ അവനെ ശ്രദ്ധിച്ചു അവന്റെ വാക്കുകേൾക്കണം: അവനോടു വിഘടിക്കരുത്.അവൻ നിങ്ങളുടെ അതിക്രമങ്ങളെ ക്ഷമിക്കകൈകയില്ല; എന്റെ നാമം അവനിൽ ഉണ്ട്"**.

മൂന്ന് പ്രധാനകാര്യങ്ങൾ ഈ വേദഭാഗത്ത് വെളിപ്പെടുന്നു.

(അ) യഹോവയുടെ ദൂതന് കീഴ്പെടണമെന്ന് അവരോടു പറയുന്നു. സാധാരണ ദൈവദൂതനെ മനുഷ്യൻ ബഹുമാനിക്കയോ, അല്ലെങ്കിൽ അവന് കീഴ്പ്പെടുകയോ ചെയ്യണമെന്ന് വേദപുസ്തകത്തിൽ ഒരു സ്ഥലത്തും കർത്താവു ആവശ്യപ്പെടുന്നില്ല.

(ആ) യഹോവയുടെ ദൂതനു മാത്രമേ അതിക്രമങ്ങളെ ക്ഷമിക്കുന്നതിനു അധികാരം ഉള്ളൂ. ഏതൊരു സാധാരണ ദൂതനും മനുഷ്യരുടെ പാപമായ അതിക്രമങ്ങളെ ക്ഷമിപ്പാൻ അധികാരം ഇല്ല. ദൈവം ഒരുവനു മാത്രമേ പാപം ക്ഷമിക്കുവാൻ സാധിക്കയുള്ളൂ.

(ഇ) കർത്താവിന്റെ ദൂതനെക്കുറിച്ചു യഹോവ പറയുന്നു "എന്റെ നാമം അവനിൽ ഇരിക്കുന്നു" ആ നാമം അവന്റെ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു

ആകയാൽ അവന്റെ സ്വഭാവം ഈ യഹോവയുടെ ദൂതനിൽ ഉണ്ട് എന്ന് യഹോവ പറയുന്നു.

2) ന്യായാധിപൻമാർ, 13:17, 18 മനോഹ യഹോവയുടെ ദൂതനോട് നിന്റെ പേരെന്ത് എന്നു ചോദിച്ചു. യഹോവയുടെ ദൂതൻ അവനോടു എന്റെ പേർ ചോദിക്കുന്നത് എന്ത്? അതു അതിശയമുള്ളതു എന്നു പറഞ്ഞു. ന്യായാധിപന്മാരുടെ പുസ്തകത്തിൽ അവന്റെ പേർ (നാമം) "അതിശയമുള്ളതു" എന്നു പ്രസ്താവിച്ച ഏബ്രായ വാക്യവും യെശ 9:6 ൽ അവിടുത്തെപ്പറ്റി "അത്ഭുത മന്ത്രി" എന്ന വചനവും ഒന്നു തന്നെ. കൂടാതെ ''അതിശയമുള്ളത്'' എന്ന നാമം മിശിഹായെ സൂചിപ്പിക്കുന്നതാണ്.

3) ന്യായാധിപന്മാർ 13:22 ൽ മനോഹ യഹോവയുടെ ദൂതനെ കണ്ടപ്പോൾ: ദൈവത്തെ കണ്ടതു കൊണ്ടു നാം മരിച്ചു പോകും എന്നു പറഞ്ഞു.

4) ഉല്പ. 16:11,13. 11 –ാം വാക്യത്തിൽ കർത്താവിന്റെ ദൂതൻ ഹാഗാറിനോടു സംസാരിക്കുന്നതായി കാണാം. എന്നാൽ 13 –ാം വാക്യത്തിൽ അവൾ **എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ** എന്നു പറഞ്ഞു: തന്നോടു അരുളിചെയ്ത യഹോവയ്ക്കു **ദൈവമേ, നീ എന്നെ കാണുന്നു. എന്നു പേർ വിളിച്ചു** എന്നും കാണുന്നു.

അവസാനം ഉദ്ധരിച്ച രണ്ടു സന്ദർഭങ്ങളിലും യഹോവയുടെ ദൂതനെ കണ്ടവർ ദൈവത്തെ കണ്ടതായി പ്രസ്താവിക്കുന്നു. യോഹ. 1:18 –ൽ ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല, പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു എന്നു വായിക്കുന്നു. അങ്ങനെ, ദൈവത്തെ പുത്രനിലൂടെ മാത്രം കാണാൻ സാധ്യമുള്ളു എങ്കിൽ പഴയനിയമത്തിൽ പറയപ്പെടുന്ന യഹോവയുടെ ദൂതൻ മനുഷ്യാവതാരത്തിനു മുമ്പുള്ള അവന്റെ രൂപം ആയിരുന്നിരിക്കണം. ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തി മനുഷ്യാവതാരമെടുക്കുന്നതിനു മുമ്പ് "യഹോവയുടെ ദൂതൻ" എന്ന് മറപൊരുളായ വ്യക്തിയിൽ ക്രിസ്ത്യാനികൾ കാണുന്നതിൽ ആശ്ചര്യപ്പെടാനുണ്ടോ?

**4. യഹോവയെക്കുറിച്ചുള്ള ഇരട്ടപദങ്ങൾ:**

പഴയനിയമത്തിൽ യഹോവയുടെ ബഹുവ്യക്തിത്വനിലയെ ചൂണ്ടികാണിക്കുന്ന വേദഭാഗങ്ങൾ പലതുള്ളതിൽ ഒരേ വാക്യത്തിൽ ഇരട്ടപദങ്ങൾ ഉള്ളവ കാണാം.

യഹോവ സോദോമിന്റെയും ഗൊമോറയുടെയും മേൽ യഹോവയുടെ സന്നിധിയിൽ നിന്നും, ആകാശത്തുനിന്നു തന്നെ ഗന്ധകവും തീയും വർഷിപ്പിച്ചു.... ഉല്പ 19:24 (ഈ വാക്യത്തിൽ യഹോവ രണ്ടു പ്രത്യേക വ്യക്തികളായി രണ്ടു സ്ഥലത്തു പറയുന്നത് ശ്രദ്ധിക്കുക)

"യഹൂദാ ഗൃഹത്തോടു ഞാൻ കരുണ കാണിച്ചു... അവരുടെ ദൈവമായ യഹോവ അവരെ രക്ഷിക്കും'' ഹോശയ. 1:7 (ഈ വാക്യത്തിൽ സംസാരിക്കുന്നതു യഹോവയാണ്, എന്നാലും സംസാരിക്കുന്ന ആളിൽ നിന്ന് വ്യത്യാസമുള്ള ആളെപ്പറ്റി വീണ്ടും പ്രസ്താവിക്കുന്നു.)

5. മിശീഹായെ സൂചിപ്പിക്കുന്ന വേദഭാഗങ്ങൾ:

**സീയോൻ പുത്രിയേ, ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; ഇതാ ഞാൻ വരുന്നു. ഞാൻ നിന്റെ മദ്ധ്യേ വസിക്കും എന്നു യഹോവയുടെ അരുളപ്പാട് അന്നാളിൽ പല ജാതികളും യഹോവയോടു ചേർന്ന് എനിക്കു ജനമായിത്തീരും; ഞാൻ നിന്റെ മദ്ധ്യേ വസിക്കും. സൈന്യങ്ങളുടെ യഹോവ എന്നെ നിന്റെ അടുക്കൽ അയച്ചിരിക്കുന്നു. എന്നു നീ അറിയുകയും ചെയ്യും** (സഖറിയാ 2: 10,11).

ഈ ഭാഗത്ത് ആദ്യം സംസാരിക്കുന്നത് യഹോവയായ ദൈവം. അവൻ പറയുന്നു. **"ഞാൻ നിന്റെ മദ്ധ്യേ വസിക്കും"**. രണ്ടാമതു സംസാരിക്കുന്നതു അയക്കപ്പെട്ടവൻ അവനും പറയുന്നു: "ഞാൻ നിന്റെ മദ്ധ്യേ വസിക്കുമെന്നു. കൂടാതെ **പല ജാതികളും യഹോവയോടു ചേർന്നു എനിക്കു ജനമായിത്തീരും**''. അതുകൊണ്ട് യഹോവയും മിശിഹായും സമനിലയിലുള്ളവരാണ്. അയക്കപ്പെട്ടവൻ എന്നു പറയുന്നതുമിശിഹയാണ്. യഹോവയും അവനും സമന്മാരായിരിക്കുന്നു. അതേ സമയം പ്രത്യേകം

വ്യക്തിത്വമുള്ളവരായും ഇരിക്കുന്നു. മിശിഹായെ സൂചിപ്പിക്കുന്ന വേറൊരു ഭാഗം യെശ. 48:12,13,16 ൽ കാണാം.

**“യാക്കോബേ, ഞാൻ വിളിച്ചിരിക്കുന്ന ഇസ്രായേലേ, എന്റെ വാക്കു കേൾക്കുക; ഞാൻ അനന്യൻ; ഞാൻ ആദ്യനും; ഞാൻ അന്ത്യനും ആകുന്നു.എന്റെ കൈ ഭൂമിക്കു അടിസ്ഥാനമിട്ടു; എന്റെ വലതു കൈ ആകാശത്തെവിരിച്ചു ഞാൻ വിളിക്കുമ്പോൾ അവ ഒക്കെയും ഉളവായി വരുന്നു.... ഞാൻ ആദി മുതൽ രഹസ്യത്തിലല്ല പ്രസ്താവിച്ചിട്ടുള്ളത്. അതിന്റെ ഉത്ഭവകാലം മുതൽ ഞാൻ അവിടെ ഉണ്ട്. ഇപ്പോഴോ യഹോവയായ കർത്താവ് എന്നെയും തന്റെ ആത്മാവിനെയും അയച്ചിരിക്കുന്നു”.**

ഇവിടെ ‘അയയ്ക്കപ്പെട്ടവനായ’ മിശിഹായാണ് സംസാരിക്കുന്നത്. **“ഞാൻ അനന്യൻ”** എന്നു പറയുന്നതും **“ഞാൻ ആദ്യനും ഞാൻ അന്ത്യനും”** എന്നു പറയുന്ന സൃഷ്ടിതാവ് ആകുന്നു. അതുകൊണ്ടാണ് അവൻ യഹോവ ആയിരിക്കുന്നു എന്നാലും അവൻ പറയുന്നു: **‘യഹോവയായ കർത്താവ് എന്നെയും തന്റെ ആത്മാവിനെയും അയച്ചിരിക്കുന്നു’** എന്ന്. ഈ വാക്യത്തെ കർത്താവായ ദൈവം എന്നെയും അവന്റെ ആത്മാവിനെയും ആയക്കുന്നു എന്നും പരിഭാഷപ്പെടുത്താം. ദയവു ചെയ്തു ഇതിനെ ശ്രദ്ധിക്കുക.

യഹോവ, മിശിഹാ, അവന്റെ ആത്മാവ് എന്നീ മൂന്നു പേരും ഇവിടെ ശരിയായ സമനിലയിലുള്ളവരായി ഇരിക്കുന്നു. എന്നാലും ഒരാളിൽ നിന്നു ഒരാൾ വ്യക്തിത്വമുള്ളവരായും ഇരിക്കുന്നു. പുത്രനായ മിശിഹായുടെ നിത്യ വ്യക്തിത്വം താഴെ പറയുന്ന വചനത്തിൽ കൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

**“നീയോ, ബേത്ളഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതിയായിരിക്കേണ്ടവൻ എനിക്കു നിന്നിൽ നിന്നും പുറപ്പെട്ടു വരും; അവന്റെ പുറപ്പാട് പണ്ടേയുള്ളതും പുരാതനവും** (അനാദി) **തന്നെ”** (മീഖാ. 5:2).

പുറപ്പെട്ടുവരുന്നതു മിശിഹ; അവന്റെ പുറപ്പാടു അനാദികാലമായ മുൻപേയുള്ളത്. ഇവിടെയും യഹോവയും മിശിഹായും പ്രത്യേകം പ്രത്യേകം വ്യക്തികളായി ചിത്രീകരിച്ചിരിക്കുന്നു. മിശിഹാ നിത്യനായവനാണ്. അവൻ കാല അതിരുകൾക്കു അതീതൻ എന്നതു ഇവിടെ ചൂണ്ടിക്കാണിക്കുന്നു. അവന്റെ പുറപ്പാടു ലോകസ്ഥാപനത്തിന് മുമ്പേയുള്ളത്. ഇതു പുത്രന്റെ നിത്യ വ്യക്തിത്വത്തിന് വ്യക്തമായ തെളിവാണ് ഇനിയും ഒരു ഭാഗം കാണുക.

**"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. അധിപത്യം അവൻരെ തോളിൽ ഇരിക്കും; അവന്നു അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു"** (നാമം) **പേർ വിളിക്കപ്പെടും"** (യെശ. 9:6).

"ശിശു" അഥവാ "പുത്രൻ" എന്ന വാക്കു അവനെ നൽകിയ യഹോവയിൽ നിന്നു വേർപ്പെട്ടവൻ. എന്നാലും അവന്റെ പേരു ചൂണ്ടിക്കാണിച്ച പ്രകാരം അവൻ യഹോവയോടു സമനിയിൽ ഉള്ളവനായി ഇരിക്കുന്നു. പഴയനിയമത്തിൽ പല ഭാഗത്ത് വരുന്നതുപോലെ ഇവിടെയും അവന്റെ പേർ, അവന്റെ വ്യക്തിത്വം എന്നിവ വെളിപ്പെടുത്തുന്നു. ഇത് പുത്രനു നൽകപ്പെട്ട വേവ്വേറെ സ്ഥാനനാമങ്ങളല്ല. എന്തെന്നാൽ ഇവിടെ 'നാമം' എന്ന ഏകപദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതു അവന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നതോടൊപ്പം പിതാവിനോടു സമനില ഉള്ളവനായിരുന്നിട്ടും അവനിൽ നിന്നു വേർപ്പെട്ടനവായും ഇരിക്കുന്നു എന്നുള്ളതു എടുത്തു കാണിക്കുന്നു.


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

| | |
|---|---|
| IFSC CODE - IFSC SBIN0001970 -10764116842 | **A/C No: 10764116842** |
| SWIFT CODE - SBININBB300 | **A/C No: 10764116842** |

**CANARA BANK - SALEM** (SURAMANGALAM BRANCH)

| | |
|---|---|
| IFSC CODE - IFSC CNRB0001219- 1219101013622. | **A/C No: 1219101013622.** |
| SWIFT CODE - CNRB0001219 -1219101013622. | **A/C No: 1219101013622.** |

# ത്രിത്വം പുതിയ നിയമത്തിലെ സത്യം

നയവ്യതിയാനം എല്ലാം ഏതുവിധത്തിലും വ്യത്യാസമില്ലാതെ ദൈവത്തെക്കുറിച്ചുള്ള വേദപുസ്തക ഉപദേശങ്ങളെ ഹേമിക്കുന്നു എന്നതിനെക്കുറിച്ചു നേരത്തെ നാം വായിച്ചു. ക്രിസ്തീയ വിശ്വാസത്തിന്റെ ജീവനാഡിയായ ദൈവത്തിന്റെ ത്രിയേക സ്വഭാവത്തെ തെറ്റിക്കുന്നതു വരെ സാത്താന്റെ യാതൊരുവിധ നയക്കുഴപ്പവും പൂർത്തിയാവുകയില്ല. ത്രിത്വത്തെക്കുറിച്ചു വേദപുസ്തകം പൂർണ്ണമായി എന്തുപദേശിക്കുന്നു എന്നു ഗവേഷണം നടത്തുക എന്നതാണു ഇവിടെ ഉദ്ദേശിക്കുന്നത്. ഇവിടെ ത്രിത്വനയത്തെ പുതിയ നിയമം എങ്ങനെ വെളിപ്പെടുത്തുന്നു എന്നത് താഴെ കാണുന്ന എട്ടു ശീർഷകങ്ങളിലൂടെ ആരാഞ്ഞുനോക്കാം. യേശുവിന്റെ സ്നാനം, യേശുവിന്റെ ഉപദേശങ്ങൾ, വചനം, ഏകജാതൻ, നിത്യപുത്രൻ, തന്നെത്താൻ താഴ്ത്തിയ പുത്രൻ, അപ്പോസ്തല പ്രവൃത്തിയിലെ ഉപദേശങ്ങൾ, ലേഖനങ്ങളിലെ ഉപദേശങ്ങൾ എന്നിവയാണ്.

## 1. യേശുവിന്റെ സ്നാനം:

തിത്വത്തെക്കുറിച്ചുള്ള വളരെ വ്യക്തമായ തെളിവു യേശുവിന്റെ ജീവിതത്തിൽ നടന്ന താഴെ കാണുന്ന സംഭവത്തിൽ കാണാം. ലൂക്കോസ് 3:21, 22 വചനങ്ങൾ ഇതു വ്യക്തമാക്കുന്നു:

ജനം എല്ലാം സ്നാനം ഏല്ക്കുകയിൽ യേശുവും സ്നാനം ഏറ്റുപ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു പരിശുദ്ധാത്മാവു ദേഹ രൂപത്തിൽ പ്രാവൂ എന്ന പോലെ അവന്റെ മേൽ ഇറങ്ങിവന്നു. **നീ എന്റെ പ്രിയ പുത്രൻ. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു** എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദംഉണ്ടായി. അവതാരം എടുത്തുവന്ന ദൈവപുത്രനായ യേശു സ്നാനം ഏറ്റപ്പോൾ പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവൂ എന്ന പോലെ അവന്റെ മേൽ ഇറങ്ങി. പിതാവ് സ്വർഗ്ഗത്തിൽ നിന്നു സംസാരിച്ചു. ദൈവത്ത്വത്തിലെ മൂന്നു വ്യക്തികളുടെ ആളത്വത്തിന്റെ പ്രത്യേകത ഈ വചനം സംശയലേശമെന്യേ വ്യക്തമാക്കുന്നു.

## 2. യേശുവിന്റെ ഉപദേശങ്ങൾ:

യേശു താൻ ദൈവമാണെന്നും, പിതാവിനോടു സമനായവൻ, ഒന്നായവൻ എന്നതും വ്യക്തമായി ഉപദേശിച്ചു. അതേ സമയം അവൻ പിതാവിൽ നിന്നു

വേർപ്പെട്ടവനാണെന്നും ഉറപ്പാക്കി. ഈ സത്യം നിറഞ്ഞ യേശുവിന്റെ വാക്കുകൾ ഇവിടെ കാണാം. **എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്നു പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല** (യോഹ: 5:22,23).

**"ഞാൻ വിധിച്ചാലും ഞാൻ ഏക നല്ല ഞാനും എന്നെ അയച്ച പിതാവും കൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു" (യോഹ: 8:16). "യേശു അവനോടു ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"** (യോഹ: 14:6). **"എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു"** (യോഹ: 14:9).

**പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതു പോലെ...** (യോഹ. 10:14).

**എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനു ഞാൻ അതിനെ കൊടുക്കുന്നതു കൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു** (യോഹ. 10:17).

എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തി കൊടുക്കാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല (മത്താ. 11:27).

**എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവു അവനെ സ്ഹേിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും** (യോഹ. 4:23).

യേശുവിന്റെ ഈ വചനങ്ങൾ യാതൊരുവിധ ബന്ധമില്ലാത്തതായും, അർത്ഥ മില്ലാത്തതായും മാറ്റാൻ ശ്രമിച്ചാൽ മുകളിൽ പറഞ്ഞ എല്ലാ വചനങ്ങളിലും പിതാവ് എന്നു പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ 'യേശു' എന്നു ചേർത്തു വായിച്ചുനോക്കൂ. ഈ വചനങ്ങളെല്ലാം വായിച്ച ശേഷവും പിതാവും പുത്രനും രണ്ടുപേരും പ്രത്യേകം പ്രത്യേകം വ്യക്തികൾ എന്നതു സ്വീകരിക്കാൻ എതിർക്കുന്നവർ കുരുടന്മാരോ അല്ലെങ്കിൽ സത്യം അറിയാൻ ഇഷ്ടമില്ലാത്തവരോ ആയിരിക്കും. കൂടാതെ യോഹ: 10:14–ാം വചനം അനുസരിച്ചു പിതാവിനെക്കുറിച്ചുള്ള പുത്രന്റെ അറിവും, പുത്രനെക്കുറിച്ചുള്ള പിതാവിന്റെ അറിവും ഒന്നായിരിക്കുന്നതുകൊണ്ടു പുത്രൻ നിത്യനായിരിക്കുന്നു എന്നു വ്യക്തമാക്കുന്നു.

ത്രിത്വത്തിൽ ഒന്നാമനായ പിതാവായ ദൈവത്തെക്കുറിച്ചുള്ള യേശുവിന്റെ ഉപദേശങ്ങൾ വായിച്ചു കൊണ്ടിരിക്കുന്ന നാം തിത്വത്തിൽ മൂന്നാമനായ

പരിശുദ്ധാത്മാവിനെക്കുറിച്ചു അവൻ എന്തു പഠിപ്പിച്ചു എന്നതും നമുക്കു നോക്കാം. പരിശുദ്ധാത്മാവും യേശുവും ഒന്നായിരിക്കുന്നു. എന്നാലും ഇവർ പ്രത്യേകം പ്രത്യേകം ആളുകൾ എന്നതു വ്യക്തമായി യോഹന്നാൻ 14-ാം അദ്ധ്യായത്തിൽ യേശു പ്രസ്താവിച്ചു. **ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും** (യോഹ. 14:18).

ഇതു പരിശുദ്ധാത്മാവിന്റെ വരവിനെ സൂചിപ്പിക്കുന്ന വചനമാണ്. പരിശുദ്ധാത്മാവായ വ്യക്തിയിൽ താൻ വരുമെന്നു യേശു പറയുന്നു. പരിശുദ്ധാത്മാവിനെ പിതാവു അയക്കുമെന്നും തുടർന്നു പറയുന്നു. പിതാവും പുത്രനായ യേശുവും പരിശുദ്ധാത്മാവും ഇപ്രകാരം വേവ്വേറെ വ്യക്തികളായി വിവരിക്കപ്പെടുന്നു എന്നതു ശ്രദ്ധിപ്പിൻ.

**പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും** ( യോഹ. 14:26).

അയക്കുന്നവൻ പിതാവായിരിക്കുന്നു. അയക്കപ്പെടുന്നവൻ പരിശുദ്ധാത്മാവും. യേശുവിന്റെ നാമത്തിൽ അയക്കപ്പെടുന്നു എന്നതു ശ്രദ്ധിപ്പിൻ. ഈ സത്യം താഴെ ഉദ്ധരിക്കുന്ന വചനത്തിലും കാണാം.

**ഞാൻ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും** (യോഹ. 15:26).

കാര്യസ്ഥൻ, യേശു, പിതാവ് എന്നീ മൂവരും വെവ്വേറെ വ്യക്തികളായും, അതേ സമയം ഈ മൂവരും സമത്വമുള്ളവരായുമിരിക്കുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പു തന്റെ ശിക്ഷ്യന്മാർക്കു നൽകിയ അവസാന കല്പന ഇവിടെ നോക്കാം. യേശു ഈ ലോകം വിട്ടുപോകുമ്പോൾ കൊടുത്ത കല്പനകളിൽ ഈ കല്പന അവസാന കല്പനയായതിനാൽ ഇതു വളരെ വളരെ പ്രധാനപ്പെട്ടതു എന്നുള്ള കാര്യം ഓർമ്മയിൽ വച്ചു കൊണ്ടു താഴെ കാണുന്ന വചനം വായിപ്പിൻ

**ആകയാൽ നിങ്ങൾ പുറപ്പെട്ടു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ** (മത്തായി 28:19,20).

മൂന്നു വ്യക്തമായ സത്യങ്ങൾ ഈ രണ്ടു വചനങ്ങളിൽ കാണാം.

1) “നാമം” എന്ന വാക്കു മറ്റു വേദഭാഗങ്ങളിൽ പറയപ്പെടുന്നതുപോലെ ദൈവീകസ്വഭാവത്തെ പ്രത്യേകം എടുത്തു കാണിക്കുന്നതാണ്. ഇതു ഏകവചനത്തിൽ എഴുതപ്പെട്ടിരിക്കുന്നതിന്റെ കാരണം ഒരേ നാമം (മൂന്നു വ്യക്തികൾ) എന്നതിനെ ചൂണ്ടിക്കാണിക്കുന്നു.
2) പിതാ പുത്ര-പരിശുദ്ധാത്മാവ് എന്നീ പദങ്ങൾ മൂന്നു പ്രത്യേകം വ്യക്തികളെ സൂചിപ്പിക്കുന്നു.
3) യേശു തന്റെ ശിഷ്യന്മാരോടു “ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം അവർക്കു (നിങ്ങളുടെ ശിഷ്യന്മാർക്കു) ഉപദേശിച്ചുകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നു കല്പിച്ചു.പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിക്കണം എന്ന കല്പനയും ഇതിൽ അടങ്ങിയിരിക്കുന്നു. കർത്താവിന്റെ വചനം വളരെ തെളിവായിരിക്കുമ്പോൾ യേശുവിന്റെ നാമത്തിൽ മാത്രം മതി എന്ന നയ കൂട്ടക്കാർ യേശുവിന്റെ ഈ കല്പന മാറ്റിവച്ചിട്ട് അതു അനുസരിക്കുന്നതിനെ മറുതലിക്കുന്നതിനാൽ അവർ ദൈവത്തെ പരിഹസിക്കുന്ന വരായിരിക്കുകയല്ലേ? കൂടാതെ അവർ തങ്ങളുടെ നയത്തെ നിലനിറുത്താൻ പിതാവും, പരിശുദ്ധാത്മാവും വ്യക്തികളെ അല്ല എന്നും, എന്നാൽ ജോലികളേയോ അല്ലെങ്കിൽ പട്ടപ്പേരിനെയോ സൂചിപ്പിക്കുന്ന പദങ്ങളാണവ എന്നും പറയുന്നു. ഇപ്രകാരമുള്ള തെറ്റായ ഒരു ഉപദേശം മറ്റൊരു തെറ്റായ ഉപദേശത്തിലേക്കു വഴി നടത്തുന്നു.

**3. വചനം:**

യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ “വചനം” യേശുക്രിസ്തുവിനെ കുറിക്കുന്നതാണ്. “വചനം” ദൈവത്തിൽ നിന്നു പ്രത്യേകമായിട്ടും അതേ സമയം ദൈവത്തോടു ഒന്നായുള്ളതായും പ്രസ്താവിക്കപ്പെടുന്നു. ഇതു ദൈവത്വത്തിലുള്ള ബഹുത്വത്തിൽ ഏകത്വത്തെ എടുത്തുകാണിക്കുന്നു.

**ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു** (യോഹ.1:1,2).

## 4. ഏകജാതൻ:

ത്രിത്വത്തിൽ രണ്ടാമത്തെ ആൾ പുത്രനാകുന്നു. പുത്രൻ മനുഷ്യാവതാരമെടുത്തു. കർത്താവായ യേശു ക്രിസ്തു തന്നിൽക്കൂടി പിതാവിനെ വെളിപ്പെടുത്തി.

**ദൈവത്തെ ആരും ഒരു നാളു കണ്ടിട്ടില്ല;പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു** (യോഹ.1:18).

"ഏകജാതൻ" എന്നു വേദപുസ്തകത്തിൽ പ്രസ്താവിക്കുന്ന വാക്കിനു ശരിയായ അർത്ഥം അറിയാൻ നിഘണ്ടു നോക്കുന്നതിൽ ഫലമില്ല. മൂലഭാഷയായ ഗ്രീക്ക് ഭാഷയിൽ ഈ വചനം "ആരംഭമില്ലാത്ത ബന്ധം" പുത്രനായവൻ എന്നു വിശേഷവിധമായിട്ടാണ് വിവരിക്കുന്നതു. അവൻ പിതാവായ ദൈവത്തോടു ഒരേ സാരാംശമായിരുന്നിട്ടും അവന്റെ പുത്രനായി മാറിയില്ല. അവൻ നിത്യകാലമായി പുത്രനായിത്തന്നെ ഇരുന്നു. "ഏകജാതൻ" എന്ന വാക്കു ഉപയോഗിക്കുന്ന കാരണം അവൻ നിശ്ചയിച്ച കാലത്തിൽ പുത്രനായി ലോകത്തിൽ വെളിപ്പെട്ടാലും അവന്റെ ജീവിതം അവന്റെ ജനനത്തോടെ ആരംഭിച്ചതല്ല എന്നു നമുക്കു പറയാം. അവൻ എപ്പോഴും ജീവിച്ചിരിക്കുന്ന നിത്യ പുത്രൻ എന്നതു അടുത്ത ഭാഗത്തു കാണാം.

**5. നിത്യപുത്രൻ:**

കൊലോസ്യർ 1:15–ൽ **"അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും"** എന്നു വായിക്കുന്നു. ആ അദ്ധ്യായത്തിലെ 17–ാം വാകൃത്തിൽ പുത്രൻ പിതാവായ ദൈവത്തിൽ നിന്നു വേർപെട്ടവൻ എന്നതും കാണാം. എന്തുകൊണ്ടെന്നാൽ,

**സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെിരിക്കുന്നു; അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു.**
(കൊലൊസ്സ്യർ 1: 15–17)

മുകളിൽ ഉദ്ധരിച്ച വചനങ്ങൾ മൂലം പുത്രൻ നിത്യനായവൻ എന്നതു തെളിവാകുന്നു. അവൻ സൃഷ്ടിതാവ്; എല്ലാവരേയും വഹിക്കുന്നവൻ. (ഇതിൽ സംശയമുള്ളവർ കൊലോസ്യർ 1:13 വീണ്ടും പഠിച്ചു അതിൽ "സ്നേഹസ്വരൂപനായ പുത്രൻ" എന്ന പ്രയോഗം ഏതു അർത്ഥത്തിൽ പറഞ്ഞിരിക്കുന്നു എന്ന് ആരായുക). ആകയാൽ അവതാരം എടുത്തതുകൊണ്ടാണ് യേശുപുത്രനായി മാറിയതെന്നു പറയുന്നതു വേദപുസ്തകത്തിനു കടകവിരുദ്ധമായ ഉപദേശമാകുന്നു. യേശു നിത്യ ദൈവപുത്രൻ എന്നതു എബ്രായേൽ 1:2,3–ാം വാകൃത്തിൽ കാണാം.

(ദൈവം) **ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തിരം നമ്മോടു അരുളി ച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു. അവൻ മുഖാന്തിരം ലോകത്തെയും ഉണ്ടാക്കി.**

പുത്രൻ സൃഷ്ടിയുടെ വേലയിൽ പങ്കുകൊണ്ടിരുന്നതിനാൽ അവൻ നിത്യവാൻ എന്നതും അവൻ, പിതാവിൽ നിന്നു വേർപെട്ട വ്യക്തി എന്നത് പിതാവിന്റെ തത്വത്തിന്റെ മുദ്ര എന്നുള്ള വാക്കിൽ വ്യക്തമായി തെളിയുന്നു.

## 6. തന്നത്താൻ താഴ്ത്തിയ പുത്രൻ

പുത്രൻ സാരാംശത്തിലും, വ്യക്തിത്വത്തിലും പിതാവിനോടു സമനായിരുന്നിട്ടും പ്രവർത്തിയിൽ പിതാവിനു തന്നെ കീഴ്പ്പെടു ത്തിയവനായിരിക്കുന്നു എന്നല്ലാതെ അടിസ്ഥാന പരമായി അങ്ങനെയല്ല. പുത്രൻ യേശുവായി അവതാരമെടുത്തപ്പോൾ പിതാവിന്റെ ഇഷ്ടത്തിനു അനുസരണം കാണിച്ചു.

**അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു** (ഫിലിപ്പിയർ 2: 6–8).

**എന്നെ അയച്ചവൻ എന്നോടു കൂടെ ഉണ്ടു; ഞാൻ എല്ലായ്പ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതു കൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നുപറഞ്ഞു** (യോഹ. 8:29).

**ഞാൻ പിതാവിലും പിതാവു എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്; പിതാവു എന്നിൽ വസിച്ചു കൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു** (യോഹ. 14:10).

ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞത് : **ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന്നു സ്വതേ ഒന്നും ചെയ്യാൻ കഴിയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു** (യോഹ. 5:19).

യേശു സ്വയമായി എങ്ങനെ തന്നെ പിതാവിന്നു കീഴ്പ്പെടുത്തി എന്നത് ശ്രദ്ധിക്കുക. ഇക്കാരണത്താലാണ് യേശു പിതാവിനോടു യോജിച്ചിരുന്നത്

വെളിപ്പെടുത്തുന്ന രീതിയിൽ യേശു ക്രൂശിൽ ആയിരുന്നപ്പോൾ, **"എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?"** എന്നു നിലവിളിച്ചു പ്രാർത്ഥിച്ചത്. യേശുവും പിതാവും വെവ്വേറെ ആളത്വമുള്ളവരാണെന്നു നമ്മുടെ ആശയത്തിൽ കരുതാതിരുന്നാൽ ഈ പ്രാർത്ഥന വെറും സ്വയത്തെ ഇളക്കുന്നതാകുകയില്ലേ? അവതാരമെടുത്ത പുത്രനായ ക്രിസ്തു, പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഊനമില്ലാത്ത യാഗമാകാൻ തന്നെത്താൻ ദൈവത്തിനു സമർപ്പിച്ചു എന്നു വേദപുസ്തകം പഠിപ്പിക്കുന്നു (എബ്രാ. 9:14).

**നിത്യാതത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ...** (എബ്രാ. 9:14).

ലോകത്തിന്റെ പാപങ്ങൾ അവന്റെമേൽ ചുമത്തപ്പെട്ടു പാപികളിൽ ഒരുവനായി എണ്ണപ്പെടത്തക്കവണ്ണം തന്നെ ഏല്പിച്ചുകൊടുത്ത ഈ സന്ദർഭത്തിൽ പാപത്താൽ വരുന്ന വേർപെടൽ യേശു അറിഞ്ഞു. അതുകൊണ്ടാണു എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതു എന്ത്? എന്നു അവിടുന്നു വിലപിക്കേണ്ടതായി വന്നത്. യേശു പിതാവിനു തന്നെ കീഴ്പ്പെടുത്തിയതിനെപ്പറ്റി വേറൊരു വാക്യം 1. കൊരി. 15:28–ൽ വായിക്കുന്നു......

**എന്നാൽ അവന്നു സകലവും കീഴ്പ്പെട്ടു വന്നശേഷം ദൈവം സകലത്തിലും സകലവും ആകേണ്ടതിനു പുത്രൻ താനും സകലവും തനിക്കു കീഴാക്കിക്കൊടുത്തവന്നു കീഴ്പ്പെട്ടിരിക്കും.** യേശു വീണ്ടെടുപ്പിന്റെ വേല തീർക്കുമ്പോൾ അവന്റെ പുത്രത്വം അവസാനിപ്പിക്കും എന്നു ചിലർ തെറ്റായി ഈ വചനത്തിന്നു വ്യാഖ്യാനം കൊടുക്കുന്നു. എന്നാൽ നേരെ മറിച്ചു സത്യം എന്തെന്നാൽ: ഈ വാക്യം നിത്യമായി പുത്രനും പിതാവിനും ഉള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ്. വചനത്തെ വ്യക്തമായും പരസ്യമായും വ്യാഖ്യാനിക്കുന്നവർ പുത്രത്വം തികയും എന്നു പറയുകയില്ല. വചനം വായിക്കുമ്പോൾ മുൻവചനത്തെയും ചേർത്തു വായിച്ചാലെ തെളിവായി അർത്ഥം മനസ്സിലാകുകയുള്ളൂ (1 കൊരി: 15:27).

സകലത്തെയും അവന്റെ കാൽക്കീഴാക്കിയിരിക്കുന്നു എന്നുണ്ടല്ലോ; സകലവും അവന്നു കീഴ്പ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ സകലത്തെയും കീഴാക്കി കൊടുത്തവൻ ഒഴികെയെന്നത് എന്നു സ്പഷ്ടം (1 കൊരി. 15: 27).

ഇവിടെ പിതാവ് പുത്രനു കീഴ്പ്പെട്ടിരിക്കയില്ലെന്നതു വ്യക്തം. ഇരുവരും സമം, എന്നാൽ പുതൻ പിതാവിന് കീഴ്പ്പെട്ടിരിക്കുന്നു എന്നു 28–ാം വാക്യം

പ്രസ്താവിക്കുന്നു. ഈ കീഴ്പ്പെടൽ നേരത്തെ പറയപ്പെട്ടതിന്റെ സാരാംശത്തിലോ വ്യക്തിത്വത്തിലോ കാണപ്പെട്ട താഴ്മയല്ല. ഒരു പ്രത്യേക പ്രവൃത്തി നടത്തുന്നതിനായി തന്നത്താൻ താഴ്ത്തിയ പ്രവർത്തനമാണ്.

## 7. അപ്പോസ്തല പ്രവൃത്തി :

യേശുവിന്റെ നാമത്തിൽ മാത്രം സ്നാനം, അല്ലെങ്കിൽ മറു സ്നാനം കൊടുക്കുന്നവർ തങ്ങൾക്കുള്ള ആധാരവാക്യങ്ങളെ അപ്പോസ്തല പ്രവൃത്തിയിൽ നിന്നാണ് എടുക്കുന്നത് ദൈവത്തിന്റെ തിരു വ്യക്തിത്വം ഉറപ്പാക്കാൻ തക്കതായ തെളിവുകൾ അപ്പോസ്തല പ്രവൃത്തിയിൽ ഉണ്ട്.

**അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു** (അപ. പ്രവ. 2:33).

ഇവിടെ പിതാവു, നമ്മുടെ കർത്താവായ യേശുക്രിസ്തു, പരിശുദ്ധാത്മാവ് എന്ന മൂവ്വരും വെവ്വേറെ വ്യക്തികളായി എഴുതപ്പെട്ടിരിക്കുന്നതു ശ്രദ്ധിക്കുക. പിതാവ് യേശുക്രിസ്തുവിനെ ഉയിർപ്പിച്ചു. ക്രിസ്തു പരിശുദ്ധാത്മാവിനെ പകർന്നു തന്നു. ഈ വാക്യത്തിൽ പിതാവിനും പരിശുദ്ധാത്മാവിനും പകരം 'യേശു' എന്ന പദം ചേർത്തു വായിച്ചാൽ അതു എത്രമാത്രം ചേർച്ചയില്ലാത്തതായി തീരും.

അപ്പോസ്തല പ്രവൃത്തിയിൽ കുറഞ്ഞതു അൻപത്തഞ്ചു പ്രാവശ്യം പരിശുദ്ധാത്മാവിനെപ്പറ്റി പ്രസ്താവിക്കുന്നതിനാൽ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ആയത്തെ ദൃഢപ്പെടുത്തുന്നു. അതിൽ ചിലതു നമുക്കു നോക്കാം.

8:29. പരിശുദ്ധാത്മാവ് പീലിപ്പോസിനോടു പറഞ്ഞു.

11:12 പരിശുദ്ധാത്മാവ് എന്നോടു കല്പിച്ചു.

13:2, ബർന്നബാസിനേയും ശൗലിനേയും ഞാൻ വിളിച്ച ശുശ്രൂഷയ്ക്കായി അവരെ എനിക്കായി വേർപെടുത്തുവിൻ എന്നു പരിശുദ്ധാത്മാവ് പറഞ്ഞു.

15:29, പരിശുദ്ധാത്മാവിലൂടെ..... തോന്നിയിരിക്കുന്നു.

16.6. അവർ പരിശുദ്ധാത്മാവ് വിലക്കുകയാൽ

20:28 പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷനാക്കി വച്ചു.

28:27, പരിശുദ്ധാത്മാവ്..... പറഞ്ഞിരിക്കുന്നതു ശരി തന്നെ.

അപ്പോസ്തലനായ പത്രോസ് അനന്യാസിനോടും സഫീരയോടും **"പരിശുദ്ധാത്മാവിനോടു വ്യാജം കാണിപ്പാൻ** (5:3) എന്നും **ദൈവത്തോടു വ്യാജം കാണിപ്പാൻ** (5-4) എന്നും പറയുന്ന സംഭവത്തിൽ

പരിശുദ്ധാത്മാവാന്റെ ആളത്വത്തെയും കൂട്ടായ്മയെയും യോജിപ്പോടെ കാണിക്കുന്നു.

## 8. ലേഖനങ്ങൾ

ദൈവത്തിൽ മൂന്നു വ്യക്തികളും ഒന്നായിരിക്കുന്നു; അതേസമയം അവരുടെ ആളത്വത്തിൽ വെവ്വേറെയായും ഇരിക്കുന്നു എന്നതിന് ലേഖനങ്ങളിൽ പല തെളിവുകൾ ഉണ്ട്. അതിൽ ചിലത് ഉദ്ധരിക്കുന്നു.

പൌലൊസ് **എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്; കർത്താവു ഒരുവൻ, വീര്യ പ്രവൃത്തികളിൽ വ്യത്യാസം ഉണ്ട് എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ** (1 കൊരി. 12:4–6).

(1 കൊരി, 12:46...) ത്രിയേക ദൈവത്തിനും പരിശുദ്ധാത്മ വരങ്ങൾക്കുമിടയിൽ ഉള്ള ബന്ധം കാണുന്നു. ആത്മാവ് വരങ്ങളെ പങ്കിട്ടുകൊടുക്കുന്നു. പുത്രൻ (കർത്താവ്) ഭരിക്കുന്നു. പിതാവ് (ദൈവം) ക്രിയ ചെയ്തു വരങ്ങളെ ഉപയുക്തമാക്കുന്നു.

പൌലൊസിന്റെ ആശീർവാദം: **കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ** (2 കൊരി. 13:14). പത്രൊസ് : **പിതാവായ ദൈവത്തിന്റെ മുന്നറിവിന്നും ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി വൃതന്മാരുമായവർക്കു എഴുതുന്നത്: നിങ്ങൾക്കു കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ** 1 പത്രൊസ് 1:2 (നമ്മുടെ വീണ്ടെടുപ്പിന്റെ ത്രിയേക ദൈവത്തിന്റെ ഇടപെടലിനെ ശ്രദ്ധിപ്പിൻ).

യോഹന്നാൻ : **ആത്മാക്കൾ ദൈവത്തിൻ നിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ. ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളതു** (1യോഹ. 4: 1,2).

യൂദ : **നിങ്ങളോ പ്രായമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മീക വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണക്കായി കാത്തിരുന്നും കൊണ്ടു ദൈവസ്നഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊൾവിൻ** (യൂദ. 20,21).

**ദൈവം സ്നേഹം തന്നെ**

**ദൈവം സ്നേഹം തന്നെ** എന്നു 1 യോഹ. 4:8–ൽ നാം വായിക്കുന്നു.

ദൈവത്തിന്റെ സ്വാഭാവികഗുണം സ്നേഹമാണ്. അങ്ങനെയാണെങ്കിൽ ദൈവം എപ്പോഴും സ്നേഹവാനായ ദൈവമായിരിക്കുന്നു എന്നതാണ് അർത്ഥം. സ്നേഹത്തിന്റെ വസ്തുവിനെ താരതമ്യപ്പെടുത്തി മാത്രമേ നമുക്കു സ്നേഹത്തെ വിവരിക്കാൻ സാധിക്കുകയുള്ളൂ. ദൈവം നിത്യ സ്നേഹമായിരിക്കണമെങ്കിൽ സ്നേഹിക്കപ്പെടുന്ന വ്യക്തികളും നിത്യത്വമുള്ളവരായിരുന്നാലേ സാധിക്കൂ. അങ്ങനെയാണെങ്കിൽ ദൈവം ദൂതന്മാരെയും മനുഷ്യനെയും ഉളവാക്കുന്നതിനു മുമ്പ് ആരിൽ സ്നേഹം കാണിച്ചു? ഇതിനുള്ള ഒരേ മറുപടി ദൈവത്വത്തിനുള്ളിൽ സ്നേഹം ഉണ്ടായിരുന്നു. ഈ സ്നേഹബന്ധം

ത്രിത്വത്തിലെ മൂന്നു വ്യക്തികൾ തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്നു.

യഹോവ സാക്ഷികളും (JEHOVAH WITNESSES) ക്രിസ്തുവിനെ സ്നേഹിക്കുന്നവർ (CHRISTA DELPHIANS) എന്നവരും യേശുക്രിസ്തുവിന്റെ ദൈവികത്വത്തെ എതിർക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തി എന്നതിനേയും ഇക്കൂട്ടർ എതിർക്കുന്നു. ത്രിത്വത്തെ അനുസരിക്കുന്നവരായ നാം ക്രിസ്തുവിൽ കാണപ്പെടുന്ന ദൈവത്വത്തിന്റെ പൂർണ്ണതയെയും മഹിമയേയും എടുത്തുകളയുന്നു എന്ന് 'യേശുവിന്റെ നാമം മാത്രം' എന്ന നയക്കാർ തർക്കിക്കുന്നു. ഇതു സത്യമല്ല. ക്രിസ്തു മൂന്നിൽ ഒരു ഭാഗമായ ദൈവമെന്നു നാം പറയുകയില്ല. എന്തെന്നാൽ നാം മൂന്നു ദൈവങ്ങളെ വിശ്വസിക്കുന്നവരല്ല. നാം, ദൈവം ഒരുവൻ എന്നും, എങ്കിലും ദൈവത്വത്തിന്റെ പ്രത്യേകമായ മൂന്നു വ്യക്തികളുണ്ട് എന്നും വിശ്വസിക്കുന്നു. അവരെ വേർപെടുത്തി അടയാളം കാണുവാൻ സാധിക്കും. എന്നാലും അവർ നിത്യമായി പിരിക്കപ്പെടുവാൻ സാദ്ധ്യവുമല്ല. അവരിൽ ഒരേ ജീവൻ വെളിപ്പെടുന്ന ക്രിസ്തു ദൈവത്വത്തിന്റെ ഒരു ഭാഗം മാത്രമാണെന്നു നാം പറയുകയില്ല. എന്തെന്നാൽ ദൈവത്വത്തിന്റെ പരിപൂർണതയെല്ലാം ദേഹരൂപമായി അവനിൽ സ്ഥിതി ചെയ്യുന്നു (കൊലോ. 2:9). പിതാവും പരിശുദ്ധാത്മാവും പൂർണ്ണമായി ദൈവമായിരിക്കുന്നതുപോലെ ക്രിസ്തുവും പൂർണ്ണദൈവമായിരിക്കുന്നു. ഇതിൽ നിന്നു നാം ഉറപ്പിച്ചു മനസ്സിലാക്കുന്നതു : **ദൈവം ഒരുവൻ**, അവിടുന്നു വേദപുസ്തകത്തിലൂടെ തിത്വദൈവമായി തന്നെ വെളിപ്പെടുത്തുന്നു.

മഹിമയും സ്തുതിയും വേദപുസ്തകത്തിൽ തിത്വദൈവത്തിനു സമർപ്പിക്കുന്നു.



*New Year Begins*
*let us pray, that it will be a year with*
*New Peace, New Happiness.*

*God bless you through out the New year*

# *Happy New Year - 2024*

DECEMBER-2023

## Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.